2008, ഖുത്ബ നമ്പര്‍- 8

22.2.2008
ബയ്ത്തുല്‍ ഫുതൂഹ്, ലണ്ടന്‍

# ദാസത്വത്തിന്റെ വയലില്‍ വിതയ്ക്കപ്പെട്ട ആദ്യത്തെ വിത്ത്

وَلَا تَزِرُ وَازِرَةٌ وِزْرَ أُخْرَىٰ ۚ وَإِنْ تَدْعُ
مُثْقَلَةٌ إِلَىٰ حِمْلِهَا لَا يُحْمَلْ مِنْهُ شَيْءٌ وَلَوْ
كَانَ ذَا قُرْبَىٰ ۗ إِنَّمَا تُنْذِرُ الَّذِينَ يَخْشَوْنَ
رَبَّهُمْ بِالْغَيْبِ وَأَقَامُوا الصَّلَاةَ ۚ وَمَنْ
تَزَكَّىٰ فَإِنَّمَا يَتَزَكَّىٰ لِنَفْسِهِ ۚ وَإِلَى اللَّهِ
الْمَصِيرُ ۝

ഇന്നത്തെ ഖുത്ബയും കഴിഞ്ഞ ഖുത്ബയുടെ തുടര്‍ച്ചയെന്നോണം നമസ്കാരത്തെക്കുറിച്ചാണ് പറയുന്നത്. വേറെ വിഷയം തുടങ്ങാമെന്നാണ് ആദ്യം വിചാരിച്ചത്. പക്ഷേ, പിന്നീട് ആലോചിച്ചപ്പോള്‍ ഈ വിഷയംതന്നെ തുടരാമെന്നു കരുതി. കഴിഞ്ഞയാഴ്ച ഞാന്‍ കൊണ്ടുവന്ന കുറച്ച് ഉദ്ധരണികള്‍ കേള്‍പ്പിക്കാന്‍ കഴിഞ്ഞിരുന്നില്ല. അത് നിങ്ങളെ കേള്‍പ്പിക്കേണ്ടത് നിര്‍ബന്ധമാണ്. നമസ്കാരം അടിസ്ഥാനപരമായ വിഷയമാണ്. അത് കൂടാതെ മതത്തെക്കുറിച്ച് സങ്കല്പമേയില്ല. വിശുദ്ധഖുര്‍ആന്‍ വളരെ ശക്തമായി ഇതിന്റെ പ്രാധാന്യം വിവരിച്ചിരിക്കുന്നു. എന്നല്ല, വിശുദ്ധ ഖുര്‍ആന്‍ ആരംഭത്തില്‍ത്തന്നെ ബഖറ അധ്യായത്തില്‍ അദൃശ്യത്തിലുള്ള വിശ്വാസത്തെക്കുറിച്ച് പറഞ്ഞുടനെ രണ്ടാമത്തെ കല്പനയായി പറഞ്ഞിട്ടുള്ളത് നമസ്കാരം നിലനിറുത്തുക എന്നാണ്. ഇതിനു മുമ്പേ ഫാതിഹ അധ്യായത്തിലും ***ഇയ്യാക്ക നഅ്ബുദു*** എന്നു പറഞ്ഞുകൊണ്ട്, ആരാധനയ്ക്കായി പ്രാര്‍ത്ഥിക്കപ്പെട്ടിരിക്കുന്നു. അല്ലാഹുവേ, ഞങ്ങള്‍ നിന്നെ മാത്രം ആരാധിക്കുന്നു. അതുകൊണ്ട് എപ്പോഴും നിന്നെ ആരാധിച്ചുകൊണ്ടിരിക്കാന്‍ ഞങ്ങള്‍ക്ക് കഴിവ് നല്കേണമേ. സത്യവിശ്വാസിയുടെ പ്രതിജ്ഞയായ ഇക്കാര്യത്തില്‍ ഉറച്ചുനില്ക്കാനുള്ള കഴിവും ശക്തിയും ഞങ്ങള്‍ക്കു നല്കേണമേ. അങ്ങനെ മനുഷ്യജന്മത്തിന്റെ ഉദ്ദേശ്യം സഫലമാക്കുന്നവരാക്കി ഞങ്ങളെ തീര്‍ക്കേണമേ.

ഈ പ്രധാനപ്പെട്ട കല്പനയില്‍ നബി(സ) തിരുമേനി ഒത്തിരി സമ്മര്‍ദ്ദം ചെലുത്തിയിരിക്കുന്നു. ആ മഹാത്മാവ് പറഞ്ഞു, “നമസ്കാരം മതത്തിന്റെ തൂണാണ്. കെട്ടിടത്തിന്റെ ഉറപ്പ് തൂണിലാണ് നിലകൊള്ളുന്നത്.” ഏതൊരു നമസ്കാരത്തിന്റെ തൂണുകളിലാണോ നമ്മുടെ മതം നിലനില്ക്കുന്നത് അതിന്റെ സംരക്ഷണം അങ്ങേയറ്റം പ്രധാനപ്പെട്ടതാണ്. ഇല്ലെങ്കില്‍ മതത്തില്‍ വിള്ളലുകള്‍ ഉണ്ടാകുമോ എന്ന ശങ്കയുണ്ടാകാം.

ഹദ്റത്ത് മസീഹ് മൗഊദ്(അ) വിശുദ്ധഖുര്‍ആന്റെയും ഹദീഥുകളുടേയും അടിസ്ഥാനത്തില്‍ നമസ്കാരത്തെക്കുറിച്ച് പറഞ്ഞിട്ടുള്ള കാര്യങ്ങള്‍ പഠിക്കേണ്ടത് ഓരോ അഹ്മദിയുടേയും നിര്‍ബന്ധകടമയാണ്. അത് പഠിക്കുമ്പോഴാണ് ആ പരിപൂര്‍ണ്ണ മനുഷ്യന്റെ പരിപൂര്‍ണ്ണനായ ശിഷ്യന്‍ രചിച്ചിട്ടുള്ള ഗ്രന്ഥങ്ങളുടെ സവിശേഷതയെന്തെന്ന് നമുക്ക് മനസ്സിലാകുന്നത്. അതിനാല്‍ ഇക്കാര്യങ്ങളെല്ലാം മുന്നില്‍വച്ചുകൊണ്ട്, ഈ വിഷയം കുറച്ചുകൂടി വിശദമാക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് ആരോ എന്നെ എഴുതിയറിയിക്കുകയുണ്ടായി. യുകെ ജമാഅത്തിന്റെ തര്‍ബിയ്യത്ത് സെക്രട്ടറിയുടെ റിപ്പോര്‍ട്ടില്‍നിന്നും അമേരിക്കയിലെ ലജ്ന സദ്റിന്റെ റിപ്പോര്‍ട്ടില്‍നിന്നും മനസ്സിലാക്കാന്‍ കഴിഞ്ഞ യഥാര്‍ത്ഥ അവസ്ഥ വളരെ ചിന്താര്‍ഹമായിരിക്കുകയാണ്. യുകെയെക്കുറിച്ചും അമേരിക്കയെക്കുറിച്ചും പറയുമ്പോള്‍, മറ്റുള്ള എല്ലാ രാജ്യങ്ങളിലും പൂര്‍ണ്ണമായനിലയില്‍ ഇതുസംബന്ധമായി പ്രവര്‍ത്തനം നടക്കുന്നുണ്ടെന്നോ ഉന്നതമായ നിലവാരമാണ് ഈ വിഷയത്തില്‍ അവിടെയുള്ളതെന്നോ കരുതരുത്. നമ്മുടെ അടിസ്ഥാനലക്ഷ്യമായിരിക്കേണ്ട ആ നിലവാരം, ഇവിടെ ലഭിച്ചിട്ടുള്ള ഒരു റിപ്പോര്‍ട്ടിലും കാണാന്‍ കഴിയുന്നില്ല. ഇതുസംബന്ധമായി വളരെ പരിശ്രമിക്കേണ്ട ആവശ്യമുണ്ട്.

ചില ഭാരവാഹികള്‍ കണ്ണുംപൂട്ടിക്കൊണ്ട് നല്ല ബുദ്ധിസാമര്‍ത്ഥ്യത്തോടെയാണ് റിപ്പോര്‍ട്ട് പ്രകടിപ്പിക്കുന്നത്. നമസ്കാരമെന്നു പറയുന്നത്, ഒരുതരത്തിലുള്ള ബുദ്ധിസാമര്‍ത്ഥ്യവും പ്രകടിപ്പിക്കേണ്ട ആവശ്യമില്ലാത്ത അടിസ്ഥാനപരമായ കാര്യമാണ്. അഹ്മദി എന്നു പറയുന്ന ഓരോ വ്യക്തിയും നൂറു ശതമാനവും നമസ്കാരം നിലനിറുത്താന്‍ ശ്രമിക്കുന്നവരായിരിക്കേണ്ടതാണ്. എന്തായാലും ഇക്കാരണങ്ങളാല്‍, ഇന്ന് വീണ്ടും ആയത്തുകളുടേയും, ഹദീഥുകളുടേയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിര്‍ദ്ദേശങ്ങളുടെയും അടിസ്ഥാനത്തില്‍ നമസ്കാരത്തെക്കുറിച്ച് പറയാമെന്ന് കരുതി. ഞാന്‍ പറഞ്ഞതുപോലെ ഇതൊരു പ്രധാനപ്പെട്ടതും അടിസ്ഥാനപരമായിട്ടുള്ളതുമായ കാര്യമാണ്. ഇതനുസരിച്ച് എല്ലാ അഹ്മദികളും നൂറുശതമാനവും പ്രവര്‍ത്തിക്കേണ്ടതാണ്. ഇല്ലെങ്കില്‍ നമ്മുടെ ഈമാന്റെ കെട്ടിടത്തില്‍ വിള്ളലുകള്‍ വീഴും. അഹ്മദിയ്യാ ഖിലാഫത്തിന്റെ നൂറു വര്‍ഷം പൂര്‍ത്തിയാകുന്ന ഈ അവസരത്തില്‍ നാം നന്ദിയുടെ വികാരത്താല്‍ നിര്‍ഭരരാണ്. സന്തോഷം ആഘോഷിക്കുന്നവരാണ്. അതുകൊണ്ട് ദീനിന്റെ ഈ

ഏറ്റവും പ്രധാനപ്പെട്ട കാര്യത്തിലേക്ക് പ്രത്യേകമായും ഓരോ അഹ്മദിയും ശ്രദ്ധിക്കേണ്ടതാണ്. കാരണം ഖിലാഫത്ത് നല്കുമെന്നുള്ള വാഗ്ദാനം, നമസ്കാരം നിലനിറുത്തുന്നതിലേക്ക് ശ്രദ്ധിക്കുന്ന വിശ്വാസികളുമായിട്ടാണ്. അതിനാൽ യഥാർത്ഥ രീതിയിൽ, ഖിലാഫത്ത് എന്ന പാരിതോഷികത്തിൽനിന്ന് എപ്പോഴും അനുഗ്രഹം പ്രാപിച്ചുകൊണ്ടിരിക്കാനും അല്ലാഹുവിനോട് നന്ദി കാണിക്കുന്നവരാകാനും സാധിക്കണമെങ്കിൽ, നമസ്കാരം നിലനിറുത്തുന്നതിലേക്ക് പ്രത്യേകം ശ്രദ്ധിക്കേണ്ടത് ഓരോ അഹ്മദിക്കും അങ്ങേയറ്റം നിർബന്ധമാണ്. അതുകൊണ്ട് വീണ്ടും ഞാൻ പറയുന്നു, ഓരോ അഹ്മദിയും ആത്മപരിശോധന നടത്തുക. നമ്മൾ നമ്മുടെ നമസ്കാരത്തിന്റെ സംരക്ഷണം അതിനോടുള്ള കടമയനുസരിച്ച് നിർവഹിക്കുന്നുണ്ടോ? അല്ലാഹുവിന്റെ റസൂൽ(സ) നമ്മളിൽ കാണാനാഗ്രഹിക്കുന്ന ആ നിലവാരത്തിലേക്ക് നാം ഉയർന്നിട്ടുണ്ടോ? തനിക്കെതിരിൽ, നിങ്ങളുടെ ആവശ്യങ്ങൾ പൂർത്തിയാക്കിത്തരാൻ ആരെ നിങ്ങൾ എഴുന്നേല്പിച്ചുനിറുത്തിയാലും അവർക്കത് ചെയ്തുതരാൻ സാധിക്കുകയില്ലെന്ന് അല്ലാഹു പറയുന്നു. ഞാൻ ഓതിയ വചനത്തിനു മുമ്പേയുള്ള വചനത്തിൽ അല്ലാഹു അന്യാരാധകരോട് പറയുന്നു: നിങ്ങളുടെ ആരാധ്യൻ ഒന്നും കേൾക്കാത്തവനാണ്. നിങ്ങളുടെ ആവശ്യങ്ങൾ പൂർത്തിയാക്കിത്തരാൻ കഴിവില്ലാത്തവനുമാണ് എന്നല്ല, നിങ്ങൾ അവരെ വിളിച്ചുപ്രാർത്ഥിച്ചതിനെ ഖിയാമത്തുന്നാൾ അവർ നിഷേധിക്കുകയും ചെയ്യും. എല്ലാത്തിന്റേയും ഉടമസ്ഥനായി ആരെങ്കിലും ഉണ്ടെങ്കിൽ, അത് അല്ലാഹു മാത്രമാണ്. മനുഷ്യൻ അവനെ ആശ്രയിച്ചു നില്ക്കുന്നവനാണ്. ഈ എല്ലാ കാര്യങ്ങളും പ്രപഞ്ചനാഥനായ ആ അല്ലാഹുവിന്റെ മുമ്പിൽ കുനിയുന്നതിന് മനുഷ്യരെ പ്രേരിപ്പിക്കേണ്ടതാണ്. ഞാനോതിയ വചനത്തിലും തങ്ങളുടെ നാഥനെ സ്വകാര്യജീവിതത്തിലും ഭയപ്പെടുന്നവരോട് ഉണർന്നുപ്രവർത്തിക്കുന്നതിനെക്കുറിച്ച് അല്ലാഹു പറഞ്ഞിരിക്കുന്നു. ആ ഭയം കാരണം അവർ നമസ്കാരം നിലനിറുത്തുന്നു. പിന്നീട് ആ നമസ്കാരവും അല്ലാഹുവിനോടുള്ള ഭയവും കാരണത്താൽ തങ്ങളുടെ ആത്മാവിനെ ശുദ്ധീകരിക്കാൻ ശ്രമിക്കുന്നു. നമസ്കാരത്തിൽ മടി കാണിച്ചാൽ ഒന്നും സംഭവിക്കാനില്ലെന്ന വിചാരം ആർക്കും ഉണ്ടാകാൻ പാടില്ല. അല്ലാഹുവിന്റെ തിരുസന്നിധിയിൽ ഓരോരുത്തരും അവരവരുടെ കർമ്മങ്ങളുമായി പോകേണ്ടവരാണെന്ന് എപ്പോഴും ഓർക്കുക. ഒരടുത്തബന്ധുവും ആർക്കും പ്രയോജനപ്പെടുകയില്ല. അടുത്തബന്ധുവാണെങ്കിൽകൂടി ആരും ആരുടേയും ഭാരം വഹിക്കുകയില്ലെന്ന് അല്ലാഹു ഇവിടെ പറയുന്നു. പിന്നീട് അദൃശ്യത്തിലുള്ള വിശ്വാസത്തെക്കുറിച്ചും നമസ്കാരത്തെക്കുറിച്ചും ആത്മശുദ്ധീകരണത്തെക്കുറിച്ചും അവസാനം പോകേണ്ടത് അല്ലാഹുവിലേക്കാണ് എന്നതിനെക്കുറിച്ചും പറയുന്നു. പരലോകത്തെക്കുറിച്ചുള്ള ഭയം എപ്പോഴും നിങ്ങളുടെ മുമ്പിലുണ്ടായിരിക്കണം. ബലഹീനരായ നമ്മെ മനസ്സിലാക്കിത്തരുന്നതിനുവേണ്ടിയാണ് ഇതെല്ലാം പറഞ്ഞിരിക്കുന്നത്. അല്ലാഹു രക്ഷാശിക്ഷാ നാളിന്റെ ഉടമസ്ഥനാണെന്നും അവനിലേക്ക് മടങ്ങിപ്പോകേണ്ടതാണെന്നും വിശ്വസിക്കുമ്പോൾ, ആത്മശുദ്ധീകരണത്തിലേക്കും ശ്രദ്ധയുണ്ടാകും. ആത്മശുദ്ധീകരണത്തിന് ഏറ്റവും പ്രധാനപ്പെട്ട മാർഗ്ഗം നമസ്കാരം നിലനിറുത്തുക എന്നതാണ്. നമസ്കാരത്തെ നിലനിറുത്തുന്നവരുടെ അദൃശ്യത്തിലുള്ള വിശ്വാസവും പ്രബലമായിരിക്കും. സ്വകാര്യ ജീവിതത്തിൽ അല്ലാഹുവിനെ ആരാണോ ഭയപ്പെടുന്നത്, അവന്റെ തഖ്‌വയുടെ നിലവാരവും ഉയർന്നതായിരിക്കും. അതിനാൽ, അല്ലാഹുവിനോടുള്ള ഭയം ഉണ്ടാകാത്തിടത്തോളം അല്ലാഹുവിൽ വിശ്വസിക്കുന്നുവെന്നും അല്ലാഹുവിന്റെ അവസാനത്തെ നബിയിൽ വിശ്വസിക്കുന്നുവെന്നും, അവസാനകാലത്തു വന്ന മസീഹ് മൗഊദ്(അ)ൽ വിശ്വസിക്കുന്നുവെന്നും വായകൊണ്ടുപറഞ്ഞാൽ മാത്രംപോരാ എന്ന കാര്യം ഓരോ അഹ്മദിയും ഓർത്തുകൊള്ളുക. അല്ലാഹുവിനോടുള്ള ഭയം ഉള്ളിലുണ്ടാകുകയും, അടുത്തബന്ധുവിന് മറ്റുള്ളവരെ കുറിച്ചു അവർ തന്നെ വെറുക്കുമോ എന്നുള്ള ഭയമുണ്ടാകുന്നതുപോലെ അല്ലാഹുവിനെക്കുറിച്ച് നമ്മുടെ ഉള്ളിൽ ഭയമുണ്ടാകുമ്പോൾ, അതിലൂടെ സ്നേഹത്തിൽ വർദ്ധനവുണ്ടാകും. സ്നേഹം ഇരട്ടിയാകുമ്പോൾ, ഈ ദൈവഭയം കൂടുതൽ വർദ്ധിക്കും. ഇക്കാരണത്താൽ സൽകർമ്മം ഉണ്ടാകുകയും അത് ചെയ്യുന്നതിലേക്ക് ശ്രദ്ധിക്കുകയും ചെയ്യും. നമസ്കാരം പതിവായിട്ട് അനുഷ്ഠിക്കാൻ ശ്രദ്ധയുണ്ടാകും. നമസ്കാരങ്ങൾ അതിനോടുള്ള കടമ നിറവേറ്റിക്കൊണ്ടനുഷ്ഠിക്കാൻ ശ്രദ്ധിക്കും. ഇല്ലെങ്കിൽ വെറും ബയ്അത്ത് പാപമോചനത്തിന് കാരണമാകുകയില്ല.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. തന്നോട് അബൂഹുറയ്റ(റ) പറഞ്ഞതായി യൂനുസ്(റ) പറയുന്നു. നബി(സ) തിരുമേനി പറഞ്ഞു: ജനങ്ങളുടെ കർമ്മങ്ങളിൽനിന്ന് ഖിയാമത്തുന്നാൾ ഏറ്റവുമാദ്യം ചോദിക്കപ്പെടുന്നത് നമസ്കാരത്തെ കുറിച്ചായിരിക്കും. നബി(സ) തിരുമേനി പറഞ്ഞു: "നമ്മുടെ പ്രതാപവാനായ രക്ഷിതാവ്, മലക്കുകളോടു പറയും, വാസ്തവത്തിൽ അവനാണ് ഏറ്റവും നന്നായിട്ട് കാര്യങ്ങൾ അറിയുന്നവൻ. എന്റെ ദാസന്റെ നമസ്കാരത്തെ പരിശോധിക്കുക; അവൻ അതിനെ പൂർണ്ണമായ നിലയിൽ നിർവഹിച്ചുവോ എന്ന്. അവൻ അത് അപൂർണ്ണമായിട്ട് വിട്ടുകളഞ്ഞോ എന്ന്. അവന്റെ നമസ്കാരം പൂർണ്ണമായിട്ട് അവൻ അനുഷ്ഠിച്ചിട്ടുണ്ടെങ്കിൽ അവന്റെ കർമ്മപുസ്തകത്തിൽ നമസ്കാരം പൂർണ്ണമെന്ന് എഴുതപ്പെടുന്നതാണ്. ആ നമസ്കാരത്തിൽ എന്തെങ്കിലും കുറവുണ്ടെങ്കിൽ അല്ലാഹു പറയും, എന്റെ ദാസൻ നഫ്ൽ നമസ്കരിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുക. അവൻ നഫ്ൽ നമസ്കരിച്ചിട്ടുണ്ടെങ്കിൽ, എന്റെ ദാസന്റെ ഫർസാക്കപ്പെട്ട നമസ്കാ

രത്തിൽ വന്ന കുറവ്, ആ നഫ്ല്കൊണ്ട് നികത്തുക. പിന്നീട് ഇപ്രകാരംതന്നെ എല്ലാ കർമ്മങ്ങളെ സംബന്ധിച്ചും ചോദ്യം ചെയ്യുന്നതാണ്."

അതിനാൽ, മരിച്ചതിനുശേഷം ഏറ്റവുമാദ്യം കടന്നുപോകേണ്ട പരീക്ഷണം നമസ്കാരമാകുമ്പോൾ അതിന് നാം എത്രമാത്രം തയ്യാറെടുപ്പ് നടത്തേണ്ടതാണ്. അല്ലാഹു തന്റെ ദാസരോട് കരുണ കാണിക്കുന്നവനാണ്. അതുകൊണ്ട് പറഞ്ഞു: ദാസന്റെ നഫ്ൽ നോക്കുക. നഫ്ൽ ഉണ്ടെങ്കിൽ, അവന്റെ ത്രാസിന്റെ ഫർസ് നമസ്കാരത്തിന്റെ തട്ടിലിടുക; ഫർസിൽ വന്നുപോയിട്ടുള്ള കുറവ് നികത്തപ്പെടുന്നതിനുവേണ്ടിയാണിത്. നമസ്കാരം നിർവഹിക്കുക മാത്രമല്ല, മറിച്ച് ഏതെങ്കിലും നേരത്ത് തന്റെ ഫർസായ നമസ്കാരം അതിനോടുള്ള കടമ നിറവേറ്റിക്കൊണ്ട് അനുഷ്ഠിക്കാതെ വന്നിട്ടുണ്ടോയെന്നും നോക്കണം. അപ്പോൾ നഫ്ൽ നമസ്കരിക്കാനും ശ്രമിക്കുന്നതാണ്. ഇതൊരു സത്യവിശ്വാസിയുടെ ഉയർന്ന നിലയാണ്; അല്ലാഹുവിന്റെ സ്നേഹത്തെ ആകർഷിച്ചെടുക്കുന്നവനായിത്തീരാനാണിത്. അസംഖ്യം ഔദാര്യങ്ങളും അനുഗ്രഹങ്ങളും ചെയ്തുതന്ന നമ്മുടെ പ്രിയങ്കരനായ അല്ലാഹുവിന് നന്ദി കാണിക്കുന്നതിനുവേണ്ടിയാണിത്. അഹ്മദി മുസ്ലിംകളായ നമ്മുടെമേൽ അല്ലാഹുവിന്റെ ഔദാര്യം എത്രമാത്രമാണുള്ളത്? ഹദ്റത്ത് മസീഹ് മൗഊദ്(അ) നെ വിശ്വസിച്ചുകൊണ്ട്, നമ്മൾ ഒരു ജമാഅത്തായി, ഒരു മാലയിൽ കോർക്കപ്പെട്ടിരിക്കുകയാണ്. നമ്മൾ ഒരു സൂചനകൊണ്ട് എഴുന്നേല്ക്കുകയും ഇരിക്കുകയും ചെയ്യുന്ന ദൃശ്യം കാണുന്നു. ഇത് നമ്മുടെ യഥാർത്ഥ അവസ്ഥയാണെങ്കിൽ, ഏറ്റവുമധികം ചിട്ടപ്പെടുത്തുന്ന കാര്യത്തെ നാം എത്രമാത്രം ശ്രദ്ധിക്കണം. അത് ഈ ദുൻയാവിൽ മാത്രമല്ല പരലോകത്തും നമുക്ക് പ്രയോജനപ്പെടുന്നതായിരിക്കും. ഹദീഥിൽ വന്നതുപോലെ ഏറ്റവുമാദ്യം പരിശോധിക്കപ്പെടുന്നത് നമസ്കാരമായിരിക്കും. ഒരഹ്മദി മുസൽമാൻ വെറും തന്റെ ഫർസ് നമസ്കാരം മാത്രമായിരിക്കില്ല അനുഷ്ഠിക്കുന്നത്, നഫ്ലുകളും നിർവഹിക്കുന്നതാണ്; എന്തെങ്കിലും കുറവുണ്ടാകുമ്പോൾ, അല്ലാഹുവിന്റെ കാരുണ്യത്തിന്റെ ദൃശ്യങ്ങൾ കണ്ടുകൊണ്ടിരിക്കുന്നതിനു വേണ്ടിയാണിത്. അവന്റെ ദയാദൃഷ്ടി നമ്മുടെമേൽ പതിച്ചുകൊണ്ടിരിക്കുന്നതിനാണിത്. നഫ്ലുകൾ അനുഷ്ഠിച്ചുകൊണ്ട് തികച്ചും ഏകാന്തനായിട്ടാണ് മനുഷ്യൻ അല്ലാഹുവിന്റെ സന്നിധിയിൽ ഹാജരാകുന്നത്. ഈ അവസ്ഥയായിരിക്കണം ഒരു അഹ്മദി മുസൽമാനുണ്ടായിരിക്കേണ്ടത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) നമസ്കാരത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പറയുന്നു: "*നമസ്കാരം ഓരോ മുസൽമാനും ഫർളാണ്. ഹദീഥ് ശരീഫിൽ വന്നിരിക്കുന്നു. വിശ്വാസികളായ ഒരു ജനവിഭാഗം നബി(സ)യുടെ അടുക്കൽ വന്ന് പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ, ഞങ്ങൾക്ക് നമസ്കാരം മാപ്പാക്കിത്തന്നാലും. കാരണം ഞങ്ങൾ തൊഴിലാളികളാണ്.*" ഇക്കാലത്തെ തൊഴിലാളിയും ഇതുതന്നെയാണ് പറയുന്നത്. അവരും ഇതുതന്നെയാണ് പറഞ്ഞത്. മൃഗങ്ങളെ മേയ്ച്ചുനടക്കുന്നത് കാരണത്താൽ വസ്ത്രങ്ങളിൽ അഴുക്കുപുരളാറുണ്ട്. അത് ശുദ്ധമാണോ അല്ലേ എന്ന് വിശ്വസിക്കാൻ പറ്റുകയില്ല. ഞങ്ങൾക്ക് നമസ്കരിക്കാൻ ഒഴിവും കിട്ടുന്നില്ല. *രണ്ട് ഒഴികഴിവാണ് അവർ പറഞ്ഞത്. കാരണം, കന്നുകാലികളെ നോക്കുന്നവരാണ്. അതുകൊണ്ട്, ഇട്ടിരിക്കുന്ന വസ്ത്രത്തിൽ നജസുണ്ടോ ഇല്ലേ എന്നറിയില്ല. വൃത്തിയുള്ള വസ്ത്രം ധരിച്ചുകൊണ്ട് നമസ്കരിക്കാനാണ് കല്പന. മറ്റൊന്ന് വേല ചെയ്ത് ജീവിക്കുന്നവരാണ്. ഈ രണ്ട് കാരണങ്ങളാൽ നമസ്കരിക്കാൻ സമയം കിട്ടുന്നില്ല. നബി(സ) അതിനു മറുപടി നല്കിക്കൊണ്ട് പറഞ്ഞു: നമസ്കാരമില്ലെങ്കിൽ, പിന്നെന്തുണ്ടായിട്ട് എന്തു കാര്യം? നമസ്കാരം ഇല്ലാത്ത ദീൻ, ദീനല്ല. നമസ്കാരം എന്താണ്? നമ്മുടെ ഭക്തിയും വിനയവും വണക്കവും അല്ലാഹുവിന്റെ മുമ്പിൽ സമർപ്പിക്കലാണത്. അവനോട് നമ്മുടെ ആവശ്യങ്ങൾ ചോദിക്കലാണത്. അവന്റെ മഹത്വത്തെ വാഴ്ത്തുന്നതിനും അവന്റെ കല്പനകൾ പാലിക്കുന്നതിനുംവേണ്ടി അണിയായി അവന്റെ മുമ്പിൽ നില്ക്കലാണത്. അങ്ങേയറ്റത്തെ എളിമയോടുകൂടി അവന്റെ മുമ്പിൽ സുജൂദ് ചെയ്യലാണത്. അവനിൽനിന്ന് നമ്മുടെ ആവശ്യങ്ങൾ ചോദിച്ചുവാങ്ങലാണത്. ഇതുതന്നെയാണ് നമസ്കാരം. ഒരു യാചകനെപോലെ, ചോദിക്കപ്പെടുന്നവനെ 'നീ അങ്ങനെയാണ് ഇങ്ങനെയാണ്' എന്ന് പറഞ്ഞ് സ്തുതിക്കുകയും, അവന്റെ മഹത്വവും പ്രതാപവും പ്രകടിപ്പിച്ചുകൊണ്ട് അവന്റെ കാരുണ്യത്തിന് ഇളക്കം തട്ടിക്കുകയും ചെയ്യലാണത്. പിന്നീട് അവനോടു യാചിച്ചുവാങ്ങുക. ഏതൊരു മതത്തിലാണോ ഇതില്ലാത്തത് ആ മതം പിന്നെ എന്താണ്? മനുഷ്യൻ എപ്പോഴും അന്യാശ്രയനാണ്. അല്ലാഹുവിനോട് എപ്പോഴും കാരുണ്യം ചോദിച്ചുകൊണ്ടിരിക്കണം. അവന്റെ ഫള്ല് അവനോട് തേടിക്കൊണ്ടിരിക്കുക. കാരണം അവൻ നല്കിയിരിക്കുന്ന തൗഫീഖ്കൊണ്ടേ എന്തെങ്കിലും ചെയ്യാൻ കഴിയുകയുള്ളൂ.*

*ഞങ്ങൾ നിന്റേതായിത്തീരാനും നിന്റെ തൃപ്തിയിൽ ആജ്ഞ നിർവഹിക്കുന്നവരായിക്കൊണ്ട് നിന്നെ സന്തോഷിപ്പിക്കുന്നവരായിത്തീരാനുംവേണ്ടി അല്ലാഹുവേ, ഞങ്ങൾക്ക് തൗഫീഖ് നല്കേണമേ. അല്ലാഹുവിനോടുള്ള സ്നേഹവും അവനോടുള്ള ഭയവും അവന്റെ ഓർമ്മയും ഹൃദയത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നതിന്റെ പേരാണ് നമസ്കാരം. ഇതാണ് മതവും.*"

വീണ്ടും പറയുന്നു: "*നമസ്കാരത്തിൽനിന്ന് വിടുതൽ ആഗ്രഹിക്കുന്നവൻ മൃഗങ്ങളേക്കാളുപരിയായി എന്താണ് ചെയ്യുന്നത്. മൃഗങ്ങളെപ്പോലെ തിന്നുകയും*

*കുടിക്കുകയും ഉറങ്ങുകയും ചെയ്യുന്നത് ഒരിക്കലും ദീനല്ല. ഇത് അവിശ്വാസികളുടെ ജീവിതമാണ്. അശ്രദ്ധയിൽ ഉഴലുന്നവൻ അവസാനം അവിശ്വാസി എന്നതുപോലെയാണത്. ഇത് തികച്ചും ശരിയായിട്ടുള്ള കാര്യമാണ്."*

അതിനാൽ നമസ്കാരത്തെ ശ്രദ്ധിച്ചും പതിവായിട്ടും അനുഷ്ഠിക്കേണ്ടത് നിർബന്ധമാണ്. ഒരു സത്യവിശ്വാസിയും, അവിശ്വാസിയും തമ്മിൽ വ്യത്യാസപ്പെടുത്തിക്കാണിക്കുന്ന കാര്യമാണ് നമസ്കാരം. എന്നല്ല ആരാധനയില്ലെങ്കിൽ, മനുഷ്യനും മൃഗവും തമ്മിൽ പിന്നെന്താണ് വ്യത്യാസമെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) ചോദിക്കുന്നു. അല്ലാഹു വിശുദ്ധഖുർആനിൽ മുഅ്മിൻ അല്ലാത്തവരെക്കുറിച്ച് പറയുന്നിടത്ത്, സത്യവിശ്വാസികളെ ആ ബലഹീനതയിൽനിന്ന് പരിശുദ്ധരെന്ന് പറയുന്നത്, അവർ നമസ്കരിക്കുന്നതുകൊണ്ടാണെന്ന് പറഞ്ഞിരിക്കുന്നു: ***ഇല്ലൽമുസ്വല്ലീൻ അല്ലദീനഹും അലാ സ്വലാത്തിഹിം ദായിമൂൻ***. തങ്ങളുടെ നമസ്കാരത്തിൽ സ്ഥിരതയുള്ള നമസ്കാരക്കാരുടെ കാര്യം ഇതിൽനിന്ന് വ്യത്യസ്തമാണ് (70:23,24). ഇതിനുമുമ്പേ പറഞ്ഞത് തിന്മ പ്രവർത്തിക്കുന്നവരെക്കുറിച്ചാണ്. അതിനുശേഷം പറഞ്ഞു, സത്യവിശ്വാസിയും നമസ്കരിക്കുന്നവനും അത് പതിവായിട്ട് അനുഷ്ഠിക്കുന്ന കാരണത്താൽ തികച്ചും മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തരാണ്.

ഭൗതികമായിട്ടുള്ള കാര്യങ്ങളൊന്നും അവർക്ക് നമസ്കാരമനുഷ്ഠിക്കുന്നതിന് തടസ്സമാകുകയില്ല. അവർ ഉന്നതമായ സ്വഭാവത്തിന്റെ ഉടമസ്ഥരാണ്. പരലോകത്ത് വിശ്വസിക്കുന്നവരാണ്. അല്ലാഹുവിനെ ഭയപ്പെടുന്നവരാണ്. യഥാർത്ഥ നമസ്കാരക്കാരുടെ അടയാളമാണിത്. അവരുടെ സ്വഭാവവും ശ്രേഷ്ഠമായിരിക്കും, അവർ മറ്റുള്ളവരോടുള്ള കടമ ഗൗനിക്കുന്നവരുമായിരിക്കും. അല്ലാഹുവിനെ ഭയപ്പെടുന്നവരുമായിരിക്കും. അതിനാൽ അല്ലാഹു സ്വീകരിക്കുന്നത് യഥാർത്ഥ നമസ്കാരത്തെയാണ്. മുസ്ലിംകളിൽ ചിലർ മുടങ്ങാതെ, പതിവായിട്ട് നമസ്കരിക്കുന്നവരായുണ്ട്. പക്ഷേ, പരിസരവാസികൾ അവരിൽനിന്ന് അല്ലാഹുവിനോട് അഭയം തേടുന്നു! അത്തരക്കാരെക്കുറിച്ചും അല്ലാഹു അടയാളപ്പെടുത്തികാണിച്ചിരിക്കുന്നു. നമസ്കാരം വളരെ ആവശ്യമാണ്. പക്ഷേ, അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാൻ പര്യാപ്തമാകുന്ന നമസ്കാരമാണ് അനുഷ്ഠിക്കേണ്ടത്. കാണിക്കുന്നതിനുവേണ്ടിയുള്ള നമസ്കാരമായിരിക്കരുത്. മറിച്ച്, നമസ്കാരം എല്ലാ ഭൗതിക കാര്യങ്ങളെക്കാളും മുന്തിച്ചുകൊണ്ടുള്ളതാകണം. പിന്നീടത് മുടങ്ങാതെ അനുഷ്ഠിക്കുകയും വേണം. അല്ലാഹുവിനെ ഭയന്നുകൊണ്ടായിരിക്കണം അതനുഷ്ഠിക്കേണ്ടത്. സമൂഹത്തിലുള്ള സത്യവിശ്വാസികളുടെ സ്വാധീനം കാരണത്താൽ ആ സമൂഹത്തിലും ഇത് കാണാൻ സാധിക്കും. 'വലിയ നമസ്കാരക്കാരനാണ്' എന്ന് ജനങ്ങൾ പറയണമെന്ന വിചാരവും ഉണ്ടാകാൻ പാടില്ല. ചില നമസ്കാരക്കാർ അങ്ങനെയുമുണ്ട്. കാരണം ജനങ്ങളെ കാണിക്കാൻവേണ്ടി നമസ്കരിക്കുന്നവരുണ്ടെന്ന് വിശുദ്ധഖുർആനിൽ പറഞ്ഞിരിക്കുന്നു. അല്ലെങ്കിൽ തന്റെ നമസ്കാരം ആളുകൾ കാണണമെന്ന ആഗ്രഹമുണ്ടാകുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചുകൊണ്ട് ഇക്കാലഘട്ടത്തിൽ ആ യഥാർത്ഥ ഇസ്ലാമിനെ പരിചയപ്പെട്ടുവെന്നത് അല്ലാഹുവിൽനിന്ന് നമുക്ക് കിട്ടിയ ഔദാര്യമാണ്. നബി(സ) തിരുമേനി നമുക്ക് നല്കിയ ആ യഥാർത്ഥ ഇസ്ലാമിനെ നാം മനസ്സിലാക്കി. അല്ലാഹുതആല നബി(സ) തിരുമേനിയുടെമേൽ ആ അധ്യാപനം ഇറക്കി. വിശുദ്ധഖുർആനിൽ അല്ലാഹു പറയുന്നു: ***ഫവയ്ലുൻല്ലിൽ മുസ്വല്ലീൻ. അല്ലദീനഹും അൻസ്വലാത്തിഹിം സാഹൂൻ അല്ലദീനഹും യുറാഊൻ***. തങ്ങളുടെ നമസ്കാരത്തെപ്പറ്റി അശ്രദ്ധരായ നമസ്കാരക്കാർക്കു നാശം. അന്യരെ കാണിക്കാൻവേണ്ടി സൽക്കർമ്മം ചെയ്യുന്നവരത്രെ അവർ (107:5–7). നമസ്കരിക്കുകയും, അശ്രദ്ധരായിരിക്കുകയും മറ്റുള്ളവരെ കാണിക്കാൻ വേണ്ടി അതനുഷ്ഠിക്കുകയും ചെയ്യുന്നവർക്ക് നാശമെന്നാണ് പറഞ്ഞിട്ടുള്ളത്. ഈ വചനങ്ങളിൽനിന്ന്, നമസ്കരിക്കുന്ന ചിലരുണ്ടെന്നും, പക്ഷേ, അത് അല്ലാഹുവിനുവേണ്ടിയല്ല അവർ അനുഷ്ഠിക്കുന്നതെന്നും മറിച്ച്, സമൂഹത്തിന്റെ സമ്മർദ്ദത്താലാണ് അതനുഷ്ഠിക്കുന്നതെന്നും വ്യക്തമാകുന്നു. ജനങ്ങളെ കാണിക്കാൻ വേണ്ടിയാണ് നമസ്കരിക്കുന്നത്. അവരിൽ സ്വഭാവദൂഷ്യങ്ങൾ ഉണ്ട്. അതിനെ നന്നാക്കിത്തീർക്കാൻ അവർ ശ്രദ്ധിക്കുകയില്ല. യഥാർത്ഥ നമസ്കാരക്കാരുടെ ലക്ഷണം അവരുടെ സ്വഭാവവും നല്ലതായിരിക്കുമെന്നതാണ്. അവർ തങ്ങളുടെ സ്വഭാവദൂഷ്യങ്ങൾ അകറ്റാനും ശ്രമിക്കുന്നതാണ്.

ഈ വചനങ്ങളിൽ പിന്നീട് വരുന്നവർക്ക് ഒരു മുന്നറിയിപ്പും ഉണ്ട്. സ്വഹാബാക്കൾ അങ്ങനെയായിരുന്നില്ല. അവരുടെ നമസ്കാരം അശ്രദ്ധയോടെയായിരുന്നില്ല. അവരുടെ സ്വഭാവം യഥാർത്ഥ സത്യവിശ്വാസികളുടേതായിരുന്നു. നബി(സ) തിരുമേനിയുടെ കാലഘട്ടത്തേക്ക് നാം നോക്കുകയാണെങ്കിൽ, കപടവിശ്വാസികളായിരുന്നു വഞ്ചിക്കുന്നവർ എന്നു കാണാം. അവരെക്കുറിച്ചാണ് പറഞ്ഞത് ***വഇദാ ഖാമൂ ഇലസ്സ്വലാത്തി ഖാമൂ കുസാലാ***. നമസ്കാരത്തിന് നില്ക്കുമ്പോൾ അലസരായിട്ടാണ് അവർ നില്ക്കുന്നത് (4:143). അവരിൽ സ്വഭാവദൂഷ്യങ്ങളുണ്ട്. അല്ലെങ്കിൽ ഈ അവസാനകാലത്തെ മുസ്ലിംകളുടെ അവസ്ഥ നോക്കുക. അവരെക്കുറിച്ച് നബി(സ) പറയുകയുണ്ടായി: ***മസാജിദുഹും ആമിറത്തുൻ വഹിയ ഖറാബുൻമ്മിനൽ ഹുദാ***. ആ കാലഘട്ടത്തിലെ ജനങ്ങളുടെ പള്ളികൾ ബാഹ്യമായി നോക്കുമ്പോൾ ജനനിബിഢമായി കാണും. പക്ഷേ, ഹിദായത്ത് അവിടെ ഉണ്ടാകുകയില്ല. ഈ ഹിദായത്തി

ല്ലാത്ത പള്ളിയിൽ നമസ്കരിക്കുന്നവരുടെ മേലാണ് അവരുടെ നമസ്കാരം ശാപമായി വീഴുന്നത്. മഹാനായ റസൂലും വലിയ ശുദ്ധീകരണകർത്താവും(സ) തന്റെ കാലഘട്ടത്തിനോടൊപ്പം ചേരുന്നവരെന്ന് പറഞ്ഞ ഈ അവസാനകൂട്ടരിൽപെട്ട നമ്മൾ ഭാഗ്യവാന്മാരാണ്. ഇവരെക്കുറിച്ച് അല്ലാഹുവും പറഞ്ഞു, ഇവർ ആദ്യം വന്നവരുമായി ചേർന്നിട്ടുള്ളവരാണെന്ന്. ഇത്ര വലിയ സമ്മാനം കിട്ടിയതിനുശേഷം, തങ്ങളുടെ നമസ്കാരങ്ങളിൽ ഒരിക്കലും മടി വരാതിരിക്കാൻ സൂക്ഷിക്കേണ്ടത് നമ്മുടെ എത്ര വലിയ ഉത്തരവാദിത്തമാണ്? അല്ലാഹുവിനോടുള്ള കടമയും അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള കടമയും നിറവേറ്റുന്നതിൽ ഒരിക്കലും കുറവുവരാൻ അനുവദിക്കരുത്. അല്ലാഹു മുന്നറിയിപ്പ് നല്കിയിട്ടുള്ള കാര്യങ്ങളിൽനിന്ന് എപ്പോഴും അകന്നിരിക്കുക. അല്ലാഹു തന്റെ ഫള്ലും ഔദാര്യവും കൊണ്ട്, ഹിദായത്തില്ലാത്ത പള്ളിയുമായി ബന്ധപ്പെട്ടവരിൽനിന്ന് നമ്മെ വേർപ്പെടുത്തിയിരിക്കെ, നമ്മൾ എത്രമാത്രം അവനോട് നന്ദി കാണിക്കേണ്ടതാണ്. എത്രമാത്രം അവന്റെ മുമ്പിൽ നാം കുനിയേണ്ടതാണ്; അവന്റെ കൂടുതൽ അനുഗ്രഹങ്ങൾക്ക് അവകാശികളാകാൻ. അതിനാൽ, നമ്മുടെ നമസ്കാരം തികച്ചും അല്ലാഹുവിനുവേണ്ടിയാകുമ്പോൾ, നാം ഈ മുന്നറിയിപ്പുകളിൽനിന്ന് നമ്മെ രക്ഷിക്കുന്നവരായിത്തീരും. വളരെ ഭയപ്പെടേണ്ട സ്ഥാനമാണിത്. ദീനിൽനിന്നും അല്ലാഹുവിൽനിന്നും അകറ്റിക്കൊണ്ടുപോകുന്ന ആ മടിയും അലസതയും നമ്മളിൽ ഒരാൾക്കുപോലും ഉണ്ടാകാൻ പാടില്ല. അതിനാൽ അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുന്നതിന് പൂർണ്ണമായും അവൻ പറഞ്ഞിട്ടുള്ള വഴിയിലൂടെ ഒരു പ്രത്യേക ചിന്തയോടെ നടക്കേണ്ട ആവശ്യമുണ്ട്. നമസ്കാരം അനുഷ്ഠിക്കുന്നതിന് ഒരു ചിന്തയുണ്ടാവണം. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ***ലാഇലാഹഇല്ലല്ലാഹ്****യുടെ ഉൾസാരം മനസ്സിലാക്കിയതിനു ശേഷം, നമസ്കാരത്തിലേക്ക് ശ്രദ്ധിക്കുക. അത് പതിവായിട്ടനുഷ്ഠിക്കാൻ വിശുദ്ധഖുർആൻ ആവർത്തിച്ചാവർത്തിച്ച് താക്കീത് ചെയ്യുന്നു. പക്ഷേ, അതിനോടൊപ്പം* ***ഫവയ്ലുല്ലിൽ മുസ്വല്ലീൻ അല്ലദീനഹും അൻസ്വലാത്തിഹിം സാഹൂൻ*** *എന്നും പറയപ്പെട്ടിരിക്കുന്നു. നമസ്കാരത്തെ അലക്ഷ്യമായി അനുഷ്ഠിക്കുന്നവർക്ക് നാശമാണ്. മനുഷ്യൻ വേർപാടിന്റെ സമയത്ത് വേദനയോടും സങ്കടത്തോടുംകൂടി തന്റെ അല്ലാഹുവിന്റെ തിരുസന്നിധിയിൽ യാചിക്കുന്ന ഒരു യാചനയാണ് നമസ്കാരം. അല്ലാഹുവുമായിട്ട് ബന്ധവും അവനുമായിട്ടു കൂടിക്കാഴ്ചയും ഉണ്ടാകണമെന്ന് അവൻ ആഗ്രഹിക്കുന്നു. അല്ലാഹു പരിശുദ്ധനാക്കാത്തിടത്തോളം ആരും പരിശുദ്ധരാകുകയില്ല. അവൻ ബന്ധം നല്കാത്തിടത്തോളം അവനുമായിട്ട് ബന്ധം സ്ഥാപിക്കാനും ആർക്കും സാധിക്കുകയില്ല.* അതായത് താനുമായിട്ട് കൂടിക്കാഴ്ച നടത്താനുള്ള വഴി അല്ലാഹു തുറക്കാത്തിടത്തോളം ആർക്കും അവനുമായിട്ട് കൂടിക്കാഴ്ച നടത്താൻ സാധിക്കുകയില്ല. *പലതരത്തിലുള്ള വളയങ്ങളും പലരീതിയിലുള്ള ചങ്ങലകളും മനുഷ്യന്റെ കഴുത്തിൽ വീണുകിടക്കുന്നു. അത് അകലണമെന്ന് അവൻ പലപ്രാവശ്യവും ആഗ്രഹിക്കുന്നു. പക്ഷേ, അതകലുന്നില്ല. പരിശുദ്ധനായിത്തീരണം എന്ന ആഗ്രഹമുണ്ടായിട്ടും, സ്വയം ശാസകാത്മാവിന്റെ (നഫ്സെ അമ്മാറ) പിശകുകൾ ഉണ്ടാകുകതന്നെ ചെയ്യുന്നു. പാപങ്ങളിൽനിന്ന് പരിശുദ്ധമാക്കേണ്ട ജോലി അല്ലാഹുവിന്റേതാണ്. അവനല്ലാതെ മറ്റാർക്കും നിങ്ങളെ പരിശുദ്ധരാക്കാൻ കഴിയില്ല. പരിശുദ്ധമായ വികാരങ്ങൾ ഉണ്ടാക്കുന്നതിനായി അല്ലാഹു നമസ്കാരം വെച്ചിരിക്കുന്നു. നമസ്കാരമെന്താണ്? അതൊരു പ്രാർത്ഥനയാണ്. അതിലൂടെ എല്ലാ ദുർവിചാരങ്ങളും ദുഷ്ട ഉദ്ദേശ്യങ്ങളും അകലുന്നതിനും പരിശുദ്ധമായ സ്നേഹവും പവിത്രമായ ബന്ധവും ലഭിക്കുന്നതിനും അല്ലാഹുവിന്റെ കല്പനകൾക്ക് വിധേയരായി ജീവിക്കാൻ ഭാഗ്യം ഉണ്ടാകുന്നതിനും വേണ്ടി വേദനയോടും നീറ്റലോടും സങ്കടത്തോടുംകൂടി അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നു. സ്വലാത്ത് എന്ന പദം, പ്രാർത്ഥന നാവിലൂടെ മാത്രമല്ല മറിച്ച് അതിനോടൊപ്പം നീറ്റലും ജ്വലനവും വേദനയും ഉണ്ടാകേണ്ടതും അനിവാര്യമാണെന്ന് മനസ്സിലാക്കിത്തരുന്നു.* അല്ലാഹുതആല ഒരു ഉത്സാഹത്തോടുകൂടി നമുക്ക് നമ്മുടെ നമസ്കാരത്തിൽ മനോഹാരിത സൃഷ്ടിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. നമസ്കാരത്തിന്നെതിരിൽ എല്ലാത്തരം ഭൗതികമായ അത്യാഗ്രഹങ്ങളിൽനിന്നും നാം രക്ഷപ്പെടുന്നവരാകട്ടെ. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ, നമ്മുടെ ശ്രമം കൊണ്ട് നമുക്ക് അത്യാഗ്രഹങ്ങളിൽനിന്ന് രക്ഷപ്പെടാൻ സാധ്യമല്ല. നമ്മുടെ ശ്രമം കൊണ്ട് നമ്മെ ശുദ്ധീകരിക്കാനും നമുക്ക് കഴിയുകയില്ല. നമ്മുടെ ശ്രമംകൊണ്ട് ഒരു വിധത്തിലും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാനും സാധിക്കുകയില്ല. അതിന് ഒരേയൊരു മാർഗ്ഗമേയുള്ളൂ. അത് നമസ്കാരത്തിന്റെ മാർഗ്ഗമാണ്.

അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കുന്നവരിൽ ഉൾപ്പെടണമെങ്കിൽ, നമസ്കാരം പതിവായിട്ടും, പ്രദർശനപരതയില്ലാതെയും അതനുഷ്ഠിക്കേണ്ട ആവശ്യമുണ്ട്. ഇക്കാര്യമായിരിക്കും നമ്മെ മറ്റുള്ളവരിൽ നിന്ന് ഉയർത്തിനിറുത്തുന്നത്. ഇതായിരിക്കും നമുക്ക് അല്ലാഹുവിന്റെ സാമീപ്യം നല്കുന്നതും. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു: ***ഖദ് അഫ് ലഹൽ മുഅ്മിനൂൻ അല്ലദീനഹും ഫീ സ്വലാത്തിഹിം ഖാശിഊൻ***. തീർച്ചയായും മുഅ്മിൻ വിജയം പ്രാപിച്ചിരിക്കുന്നു. അവർ തങ്ങളുടെ നമസ്കാരത്തിൽ ഭയഭക്തി കൈക്കൊള്ളുന്നവരാണ് (23:2,3). വിജയം പ്രാപിക്കുന്ന സത്യവിശ്വാസികളുടെ ധാരാളം പ്രത്യേകതകൾ അല്ലാഹു ഈ വചനങ്ങൾക്കുശേഷം വിശദീകരിച്ചിട്ടുണ്ട്. എന്നാൽ, ഒന്നാമത്തെ കാര്യം, നമസ്കാരം തന്നെയാണ്. അല്ലാഹുവിന്റേതായി മാത്രം ആയിക്കൊണ്ട് വിനയാന്വിതരായി നമ

സ്കരിക്കണം. വിജയത്തിന്റെ ആദ്യപടി, ഇഹപരലോക അനുഗ്രഹങ്ങൾ പ്രാപിക്കുന്നതിനുള്ള ഒന്നാമത്തെ നിബന്ധന, നമസ്കാരം അല്ലാഹുവിനുവേണ്ടി മാത്രം അനുഷ്ഠിക്കുക എന്നതാണ്. ആദ്യം പറഞ്ഞതുപോലെ അവന്റെ സ്നേഹം കരസ്ഥമാക്കുന്നതിനും, അവന്റെ സ്നേഹത്തിൽ അഭിവൃദ്ധിപ്പെടുന്നതിനും, അവന്റെ സമ്മാനങ്ങളും അവന്റെ തൃപ്തിയും കരസ്ഥമാക്കുന്നതിനുംവേണ്ടി അല്ലാഹുവിനോടുള്ള ഭയത്തോടെ ഈ നമസ്കാരം അനുഷ്ഠിക്കേണ്ടതാണ്. ഇതാണ് ഒരു മനുഷ്യന്റെ ജീവിതലക്ഷ്യം. ഇതു കിട്ടുന്നവന് മറ്റെന്താണ് വേണ്ടത്? ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: *മുഅ്മിന്റെ ആത്മീയനിലയുടെ ഒന്നാമത്തെ ഘട്ടം, ഭയഭക്തിയോടും തേങ്ങലോടും അലിയിക്കുന്ന വേദനയോടുമുള്ള അവസ്ഥയാണ്. ഇത് നമസ്കാരത്തിലൂടെയും ദൈവസ്മരണയിലൂടെയും സത്യവിശ്വാസിയ്ക്ക് ലഭിക്കുന്നു. അതായത് വേദനയും സങ്കടവും വിനയവും ദൈന്യതയും താഴ്മയും ആത്മാവിന്റെ വണക്കവും ഒരു ഉത്സാഹവും ഉൽക്കണ്ഠയും ചൂടും തന്റെ ഉള്ളിൽ സൃഷ്ടിക്കുകയും, ഒരു ഭയാവസ്ഥ തന്റെമേൽ വരുത്തിക്കൊണ്ട്, പ്രതാപവാനായ അല്ലാഹുവിന്റെ മുമ്പിൽ മനസ്സിനെ കുനിയിക്കുകയും ചെയ്യുന്ന മുഅ്മിൻ വിജയിച്ചു.* ***ഖദ്അഫ്ലഹൽ മുഅ്മിനൂൻ അല്ലദീനഹും ഫീ സ്വലാത്തിഹും ഖാശിഊൻ*** *തന്റെ നമസ്കാരത്തിലും എല്ലാത്തരം ദൈവസ്മരണയിലും, വിനയവും വണക്കവും സ്വായത്തമാക്കുന്ന മുഅ്മിൻ വിജയിച്ചു എന്ന് പറഞ്ഞിരിക്കുന്നതുപോലെ അവൻ തേങ്ങലോടും വേദനയോടും അലിവോടും ഉൽക്കണ്ഠയോടും സങ്കടത്തോടും ഹൃദയംഗമമായ ഉത്സാഹത്തോടും തന്റെ റബ്ബിനെ സ്മരിക്കുന്നതിൽ മുഴുകുന്നു. മുകളിൽ സൂചിപ്പിച്ചിരിക്കുന്ന ഈ വണക്കത്തിന്റെ അവസ്ഥ ആത്മീയമായ വ്യക്തിത്വത്തിന്റെ തയ്യാറെടുപ്പിനുള്ള ആദ്യത്തെ ഘട്ടമാണ്. അല്ലെങ്കിൽ ദാസത്വത്തിന്റെ വയലിൽ വിതയ്ക്കപ്പെടുന്ന ആദ്യത്തെ വിത്താണതെന്ന് പറയാം.”* അതായത്, ആത്മീയ വ്യക്തിത്വത്തിന്റെ തയ്യാറെടുപ്പിനുള്ള ആദ്യത്തെ പടി, അല്ലെങ്കിൽ അല്ലാഹുവിന്റെ ശരിയായ ദാസൻ ആയിത്തീരുന്നതിനുവേണ്ടി ഒരു മനുഷ്യൻ വിതയ്ക്കുന്ന ആദ്യത്തെ വിത്താണതെന്ന് പറയാം. വീണ്ടും ആ മഹാത്മാവ് പറയുന്നു: *“നമസ്കാരം അഞ്ചുനേരം നിർവ്വഹിക്കപ്പെടുന്നു. അതിലുള്ള സൂചനയും ഇതുതന്നെയാണ്. ഇന്ദ്രിയാശകളിൽ നിന്നും ശരീരേച്ഛകളിൽനിന്നും അവൻ തന്നത്താൻ സുരക്ഷിതനാക്കിവയ്ക്കാത്തിടത്തോളം യഥാർത്ഥമായ നമസ്കാരം ആയിരിക്കുകയില്ല അവൻ അനുഷ്ഠിക്കുന്നത്. നമസ്കാരത്തിന്റെ അർത്ഥം നെറ്റി തറയിൽ മുട്ടിക്കുകയും ചടങ്ങെന്നനിലയിൽ അതനുഷ്ഠിക്കുകയും ചെയ്യുക എന്നതല്ല. നമസ്കാരം എന്നു പറയുന്നത്, അതനുഷ്ഠിക്കുമ്പോൾ മനസ്സും അതനുഭവിച്ചറിയണം. ആത്മാവ് ഉരുകി ഭയാനകമായ അവസ്ഥയോടെ ഏകനായ അല്ലാഹുവിന്റെ തിരുസന്നിധിയിൽ കുമ്പിട്ടുവീഴുകയാണ് നമസ്കാരം. കഴിവുള്ളിടത്തോളം, അലിവും സങ്കടവും ഉണ്ടാക്കാൻ ശ്രമിക്കുക. താണുകേണു പ്രാർത്ഥിക്കുക. ആത്മാവിൽ കുടികൊള്ളുന്ന പൊങ്ങച്ചവും അഹങ്കാരവും അകലേണ്ടതാണ്. ഇത്തരം നമസ്കാരമാണ് അനുഗൃഹീതമാക്കുന്നത്. അവൻ ഇതിൽ സുസ്ഥിരമായി നില്ക്കുകയാണെങ്കിൽ, രാത്രിയിൽ അല്ലെങ്കിൽ പകലിൽ ഒരു പ്രകാശം അവനിൽ വന്നു വീഴുന്നതായും അങ്ങനെ ദോഷപ്രവണമായ ആത്മാവിന്റെ (നഫ്സെ അമ്മാറ) ദുഷ്ടത കുറഞ്ഞതായും കാണും; പാമ്പിൽ കൊല്ലാനുള്ള ഒരു വിഷമുള്ളതുപോലെ, നഫ്സെ അമ്മാറയും കൊന്നുകളയുന്ന വിഷമാണ്. ആരാണോ അതിനെ സൃഷ്ടിച്ചത് അവന്റെ കൈയിലാണ് അതിന് ചികിത്സയുള്ളത്.”*

വണക്കത്തോടെ അല്ലാഹുവിന്റെ മുമ്പിൽ വീഴുകയും അതിൽ സ്ഥിരചിത്തത കാണിക്കുകയും ചെയ്യുക. തോന്നിയതുപോലെ നമസ്കരിക്കുക എന്നതല്ല. പ്രസ്തുത രണ്ട് കാര്യവും നിലനിന്നാൽ, ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു, തിന്മകൾ ഉല്പാദിപ്പിക്കുന്ന വികാരങ്ങൾ ഒരിക്കൽ അവസാനിച്ചുപോകും. കാരണം, തിന്മകളെ നശിപ്പിക്കുന്നതിനും അല്ലാഹുവിന്റെ മുമ്പിൽ കുനിയേണ്ടത് അനിവാര്യമാണ്. അല്ലാഹു പറയുന്നു: ***വഅ്മുർ അഹ്ലക്ക ബിസ്സലാത്തി വസ്ത്വബിർ അലയ്ഹാ ലാ നസ്അലുക്ക രിസ്ഖാ നഹ്നു നർസുഖുക്ക വൽ ആഖിബത്തു ലിത്തഖ്വാ***. നിന്റെ കുടുംബത്തോടു നമസ്കരിക്കുവാൻ നീ കല്പിച്ചുകൊണ്ടിരിക്കുക. നീയും അതിൽ സ്ഥിരചിത്തനായി നിലകൊള്ളുക. നാം നിന്നോട് ആഹാരം ആവശ്യപ്പെടുന്നില്ല. നാമാണ് നിനക്ക് ആഹാരം നല്കുന്നത്. നല്ല പര്യവസാനം സൂക്ഷ്മത പാലിക്കുന്നവർക്കുള്ളതാണ് (20:133). ഇതാണ് അല്ലാഹുവിന്റെ വിളംബരം. കല്പന. നിർദ്ദേശം. നിങ്ങൾ സ്വയം നമസ്കാരത്തിൽ ശ്രദ്ധിക്കുക. നിങ്ങളുടെ വീട്ടുകാരോടും പറയുക. കാരണം ഇത് നിങ്ങളുടെ ഗുണത്തിനുവേണ്ടിയാണ്. ഈ ലോകത്തും ഇതിന് ഫലമുണ്ട്. പരലോകത്തും മുത്തഖി മാത്രമായിരിക്കും വിജയം വരിക്കുന്നവൻ. വിചാരിക്കാത്ത വഴിയിലൂടെ ഈ ലോകത്തും അല്ലാഹു മുത്തഖിംകൾക്ക് വിജയം നല്കുകയും പല രീതിയിലും രിസ്ഖ് കൊടുക്കുകയും ചെയ്യുന്നു. അല്ലാഹു ഈ കല്പന പുറപ്പെടുവിച്ചുകൊണ്ട് നിങ്ങളുടെമേൽ ഏതെങ്കിലും ടാക്സ് ഏർപ്പെടുത്തുകയല്ല. മറിച്ച്, തന്റെ ജീവിതോദ്ദേശ്യം പൂർത്തിയാക്കാൻ ശ്രമിക്കുന്ന മനുഷ്യന് സമ്മാനങ്ങൾ നല്കുകയാണ്. ഭൗതികാനുഗ്രഹത്തിനായി മനുഷ്യൻ ശ്രമിക്കാറുണ്ടല്ലോ. പിന്നെന്തുകൊണ്ട് ആത്മീയാനുഗ്രഹം കരസ്ഥമാക്കാൻ പരിശ്രമിക്കുന്നില്ല. ഇങ്ങനെയൊക്കെ സ്നേഹിക്കുന്ന ഒരു ദൈവമുണ്ടായിരിക്കെ, അവനെ ആരാധിക്കാതിരിക്കാൻ മനുഷ്യന് എന്തു കാരണമാണുള്ളത്. അവന് നന്ദി കാണിക്കാതിരിക്കാൻ

എന്ത് ന്യായമാണുള്ളത്?

നബി(സ) തിരുമേനിയോട് 'അങ്ങയ്ക്ക് അല്ലാഹു എല്ലാതരം അനുഗ്രഹങ്ങളും നല്കുമെന്ന് പ്രഖ്യാപിച്ചിരിക്കെ പിന്നെന്തിനാണ് ഇത്ര ദീർഘമായി നമസ്കരിക്കുന്നത്' എന്നു ചോദിച്ചു. ആ മഹാത്മാവ് പറഞ്ഞു: 'ഞാൻ അല്ലാഹുവിനോട് നന്ദിയുള്ള ദാസനായിരിക്കണ്ടേ? ' ഈ ജീവിതമാതൃകയാണ് നമുക്കുള്ളത്. ഇതിലൂടെ നടന്നുകൊണ്ടു മാത്രമേ അല്ലാഹുവിന്റെ യഥാർത്ഥ നന്ദിയുള്ള ദാസരായിത്തീരാൻ നമുക്ക് കഴിയുകയുള്ളൂ. നമ്മുടെ നമസ്കാരത്തിന്റെ അവസ്ഥ എന്തായിരിക്കണം? നമസ്കാരത്തിലെ വിവിധ രീതിയിലുള്ള അനക്കമടക്കങ്ങളുടെ യുക്തി എന്താണ്? അതെങ്ങനെ നാം നിർവഹിക്കണം? ഇതുസംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: '***സ്വല്ല***' *എന്നു പറഞ്ഞാൽ ചുട്ടു വേവിക്കുക എന്നാണർത്ഥം. കബാബ് ചുട്ടു വേവിക്കുന്നതുപോലെ. ഇപ്രകാരം നമസ്കാരത്തിൽ ഒരു എരിച്ചിലുണ്ടാകേണ്ടത് നിർബന്ധമാണ്. മനസ്സ് ഉരുകാത്തിടത്തോളം നമസ്കാരത്തിൽ നിർവൃതിയുണ്ടാകുകയില്ല. യാഥാർത്ഥ്യമെന്താണെന്നുവെച്ചാൽ, നമസ്കാരം യഥാർത്ഥ അർത്ഥത്തിൽ ആയിത്തീരുന്നത് അത്തരം അവസ്ഥ ഉണ്ടാകുമ്പോഴാണ്. എല്ലാ നിബന്ധനയോടുംകൂടി നമസ്കരിക്കണമെന്നത് അതിന്റെ നിബന്ധനയാണ്. അങ്ങനെ നിർവഹിക്കപ്പെടാത്തിടത്തോളം, അത് നമസ്കാരമല്ല. നമസ്കാരത്തിന് വേണ്ടുന്ന ആ അവസ്ഥയും ലഭിക്കുകയില്ല. ഓർമ്മിക്കുക. നമസ്കാരത്തിൽ ഹാലും ഖാലും (വാക്കും പ്രവർത്തിയും) യോജിച്ചുവരേണ്ടത് നിർബന്ധമാണ്." ശരിയായ വഴികാണിക്കുന്ന അടിസ്ഥാനപരമായ നമസ്കാരത്തെക്കുറിച്ച് ആദ്യം പറഞ്ഞു. അവിടെനിന്നാണ് അതാരംഭിക്കേണ്ടത്. നിബന്ധന പൂർത്തിയാകുന്നില്ലെങ്കിൽ ആ അവസ്ഥ കിട്ടുകയില്ല. പിന്നീട് പറഞ്ഞു: നമസ്കാരത്തിൽ നിങ്ങളുടെ അവസ്ഥയും നിങ്ങൾ പറയുന്ന കാര്യവും കൂടിച്ചേരേണ്ടത് നിർബന്ധമാണ്. ചിലപ്പോൾ കാണുന്നയാൾക്ക് നമസ്കാരക്കാരന്റെ ഉദ്ദേശ്യം ഇന്നതാണെന്ന് മനസ്സിലാക്കാൻ കഴിയുന്നു. അത്തരം നമസ്കാരമാണ് ദൈവേച്ഛയുടെ ചിത്രം കാണിക്കുന്നത്. ആ നമസ്കാരത്തിൽ ഉണ്ടാകുന്ന ഭാവത്തിൽനിന്ന് എന്താണ് അയാളുടെ അവസ്ഥയെന്ന് മനസ്സിലാക്കാൻ കഴിയും. അല്ലാഹുവിന്റെ തൃപ്തിയും ചിത്രവും നമസ്കാരത്തിലാണുള്ളത്. നമസ്കാരത്തിൽ നാം എന്തെങ്കിലും ചൊല്ലുമ്പോൾ, അതുപോലെ അവയവങ്ങളിലൂടെ ചില ചലനങ്ങളും കാണാൻ കഴിയുന്നു. മനുഷ്യൻ എഴുന്നേറ്റു നിന്ന് സ്തോത്രം ചെയ്യുകയും വാഴ്ത്തുകയും ചെയ്യുന്നു. അതിന്റെ പേര് ഖിയാം എന്നാണ്. ഓരോരുത്തർക്കുമറിയാം, സ്തുതിയ്ക്കും സ്തോത്രത്തിനും ചേർന്നവിധമാണ് ഖിയാം വെച്ചിട്ടുള്ളത്. രാജാവിന്റെ മുമ്പിൽ ഖസീദകൾ കേൾപ്പിക്കുമ്പോൾ, നിന്നുകൊണ്ടുതന്നെയാണ് അവതരിപ്പിക്കുന്നത്. ഇവിടെ ബാഹ്യമായ നിലയിൽ ഖിയാം വെച്ചിരിക്കുന്നു. സ്തുതിയും സ്തോത്രവും ചൊല്ലണമെന്ന് നിർദ്ദേശിച്ചിരിക്കുന്നു. ഇതിന്റെ ഉദ്ദേശ്യം ഭൗതികമെന്നപോലെ ആത്മീയമായനിലയിലും അല്ലാഹുവിന്റെ മുമ്പിൽ നില്ക്കുക എന്നാണ്. 'സ്തുതി' ഒരു കാര്യത്തിൽ ഉറച്ചുകൊണ്ടാണ് ചെയ്യുന്നത്. സാക്ഷിയായിക്കൊണ്ട് ആരെയെങ്കിലും ഒരാൾ സ്തുതിക്കുമ്പോൾ, അയാൾ ഒരഭിപ്രായത്തിൽ നിലകൊള്ളുന്നു. പറഞ്ഞു, ആരെയെങ്കിലും സാക്ഷ്യപ്പെടുത്തുമ്പോൾ, ഏതെങ്കിലും തീരുമാനത്തിൽ ഉറച്ചുനിന്നതിനുശേഷമാണ് സാക്ഷ്യപ്പെടുത്തുന്നത്. അൽഹംദുലില്ലാഹ് എന്നു പറയുന്നയാൾക്ക്, സത്യസന്ധമായ നിലയിൽ അൽഹംദുലില്ലാഹ് പറയാൻ കഴിയുന്നത്, പൂർണ്ണമായ നിലയിൽ എല്ലാതരം സ്തുതിക്കും അർഹൻ അല്ലാഹുവാണെന്ന് അവന് ദൃഢവിശ്വാസമുണ്ടാകുമ്പോഴാണ്. എല്ലാതരം സ്തുതിയും അല്ലാഹുവിനുവേണ്ടിയാണ്. അപ്പോഴേ, ശരിയായ നിലയിൽ അൽഹംദുലില്ലാഹ് എന്നു പറയാൻ സാധിക്കുകയുള്ളൂ. ഈ കാര്യം ഹൃദയത്തിലുണ്ടാകുമ്പോൾ, അത് ആത്മീയമായ നില്പാണ്. കാരണം അപ്പോൾ ഹൃദയം അതിൽ നിലകൊള്ളുന്നു. താൻ നില്ക്കുകയാണെന്ന് ഹൃദയത്തിന് തോന്നുന്നു. ആത്മീയമായ നില്പിനുവേണ്ടി അത് ആ അവസ്ഥയ്ക്കനുസരിച്ച് നിന്നു. ഹൃദയവും ആ അവസ്ഥയ്ക്കനുസരിച്ച് നിന്നുകഴിഞ്ഞു. ഇത് ആത്മീയമായ ഖിയാമാണ്. പിന്നീട് റുക്കൂഇൽ **സുബ്ഹാന റബ്ബിയിൽ അളീം** എന്നു പറയുന്നു. ആരുടെയെങ്കിലും മഹത്ത്വം അംഗീകരിച്ചുകഴിഞ്ഞാൽ അവന് വണങ്ങുമെന്നത് സർവസാധാരണമാണ്. മഹത്ത്വം ആവശ്യപ്പെടുന്നത് അവന്റെ മുമ്പിൽ റുകൂഅ് ചെയ്യുക എന്നാണ്. **സുബ്ഹാനറബ്ബിയിൽ അളീം** എന്ന് നാവുകൊണ്ടു പറഞ്ഞു, അവസ്ഥകൊണ്ട് കുനിഞ്ഞുകാണിച്ചു. അല്ലാഹുവിന്റെ മഹത്ത്വം നാവുകൊണ്ട് വിവരിച്ചു. ബാഹ്യമായി കുനിഞ്ഞ് അത് പ്രകടിപ്പിക്കുകയും ചെയ്തു. മൂന്നാമതായി പറയുന്നത് സുബ്ഹാന റബ്ബിയൽ അഅ്ലാ എന്നാണ്. **അഅ്ലാ, അഫ്ഉലുത്തഫ്ളീലാണ്**. ഇത് വണക്കത്തെ ആഗ്രഹിക്കുന്നു. അഅ്ലാ, ഏറ്റവും വലിയ സംഗതിയാണ്. ഇത് സുജൂദിനെ ആഗ്രഹിക്കുന്നു. ഉന്നതമായ വസ്തുവിന്റെ മുമ്പിൽ സുജൂദ് ചെയ്യപ്പെടുന്നു. അതുകൊണ്ട് അതിനോടൊപ്പം സുജൂദിൽ വീഴും. അതായത് നാവുകൊണ്ട് **സുബ്ഹാനറബ്ബിയൽ അഅ്ലാ** എന്നു പറഞ്ഞു. അതിനോടൊപ്പം സുജൂദിൽ വീഴുകയും ചെയ്തു. അല്ലാഹു ഏറ്റവും ഉന്നതനാണ്. താൻ ആ ഉന്നതന്റെ മുമ്പിൽ വീഴുന്നു. ഈ വാക്കുകളോടൊപ്പം മൂന്ന് ശാരീരികമായ അവസ്ഥയുണ്ട്. അതിന്റെ ഒരു ചിത്രം അവന്റെ മുമ്പിൽ സമർപ്പിച്ചു. അതുപോലെ നിന്നു. ശരീരത്തിന്റെ ഭാഗമായ നാവും പറഞ്ഞു, അങ്ങനെ അതും ചേർന്നു. മൂന്നാമത്തെ കാര്യം മറ്റൊന്നാണ്. പറഞ്ഞു, ഈ രണ്ടുകാര്യം നടന്നുകഴിഞ്ഞു. നാവും അതിൽ പങ്കെടുത്തു. ദുആ ചെയ്തു. ശരീരത്തിന്റെ ബാഹ്യമായ അവസ്ഥയും നേരെയാക്കി നിർത്തി. അല്ലാ*

*ഹുവിനെ പുകഴ്ത്തി. മഹത്വം വിളിച്ചുപറഞ്ഞു. റുകൂഅ് ചെയ്തു. അല്ലാഹു വലിയവനാണെന്ന കാര്യം വിവരിച്ചു. സുജൂദ് ചെയ്തു. എന്നാൽ മൂന്നാമത്തെ മറ്റൊരു കാര്യമുണ്ട്. അത് ചേരുന്നില്ലെങ്കിൽ നമസ്കാരം ശരിയാകുകയില്ല. അതെന്താണ്? അത് ഖൽബാണ്. അതിനോട് ചേർന്ന് ഖൽബ് നില്ക്കണം. യഥാർത്ഥത്തിലാണോ സ്തുതിക്കുന്നതെന്നും നില്ക്കുന്നതെന്നും അല്ലാഹു നോക്കുന്നു. മൂന്നാമത്തെ കാര്യം ഹൃദയമാണ്. ഈ എല്ലാ പ്രവർത്തനങ്ങളും നടന്നുകൊണ്ടിരിക്കുമ്പോൾ, നാവ് സമ്മതിക്കുകയും ശരീരം പ്രകടിപ്പിക്കുകയും ചെയ്യുമ്പോൾ ഹൃദയത്തിലും അതേ അവസ്ഥ ഉണ്ടാകണം. അത് അല്ലാഹുവിന് കാണാൻ കഴിയണം. ശരീരം നില്ക്കുന്നതിനോടൊപ്പം ആത്മാവും നിന്ന് സ്തുതിക്കണം. ശരീരം മാത്രമല്ല, മറിച്ച് ആത്മാവും നില്ക്കുകയാണ്. **സുബ്ഹാന റബ്ബിയൽ അളീം** എന്നു പറയുമ്പോൾ, മഹത്വം ഏറ്റുപറഞ്ഞു എന്നതുമാത്രമല്ല, മറിച്ച് അതിനോടൊപ്പം കുനിയുകയും വേണം. അതിനോടൊപ്പം ആത്മാവും കുനിഞ്ഞു. ആത്മാവിനും അനുഭവപ്പെടണം താൻ കുനിഞ്ഞിരിക്കുന്നുവെന്ന്. പിന്നീട് മൂന്നാമതായി സുജൂദിൽ വീഴുമ്പോൾ, അതിനോടൊപ്പം ആത്മാവും, അല്ലാഹുവിന്റെ തിരുസന്നിധിയിൽ വീണിട്ടുണ്ടോ എന്നു നോക്കുക. നാവ് വാക്കുകൾ ഉച്ചരിക്കുന്നു, ശരീരവും അതുപോലെ കുനിയുന്നു. ഹൃദയത്തിനും അതേ അവസ്ഥ ഉണ്ടാകണം. ഈ അവസ്ഥ ഉണ്ടാകാത്തിടത്തോളം തൃപ്തിയടരുത്. കാരണം **യുഖീമൂന സ്വലാത്ത** എന്നതിന്റെ അർത്ഥമാണിത്. ഈ മൂന്നവസ്ഥകൾ തന്റെയുള്ളിൽ സൃഷ്ടിക്കുകയാണ് സത്യവിശ്വാസിയുടെ ജോലി. പറയുമ്പോൾ, ശരീരത്തിലൂടെ അത് പ്രകടമാകണം, ഹൃദയം അതനുഭവിക്കണം. അല്ലാഹുവിനെ തിരിച്ചറിയാൻ കഴിയുംവിധമുള്ള അനുഭവമുണ്ടാകണം. ഈ അവസ്ഥയില്ലെങ്കിൽ അത് ലഭിക്കുന്നതുവരെ തൃപ്തിയടയരുത്. **യുഖീമൂന സ്വലാത്ത** എന്നതിന്റെ അർത്ഥം ഇതാണ്. ഈ അവസ്ഥ എങ്ങനെ ഉണ്ടാകുമെന്നാണ് ചോദിക്കുന്നതെങ്കിൽ അതിനുള്ള മറുപടി ഇത്രമാത്രമാണ്, നമസ്കാരം പതിവായിട്ടനുഷ്ഠിക്കുക. ദുർബോധനങ്ങളും സംശയങ്ങളും കൊണ്ട് വിഷമിക്കരുത്. അതായത്, നമസ്കാരം മുടങ്ങാതെ അനുഷ്ഠിച്ചാൽ ഇത് ലഭിക്കുന്നതാണ്. അഞ്ച്നമസ്കാരങ്ങളുണ്ട്. പൂർണ്ണമായും നമസ്കാരത്തിനോടുള്ള കടമകൾ നിറവേറ്റിക്കൊണ്ട് അതുപോലെ അതനുഷ്ഠിക്കുക. മനസ്സിലുണ്ടാകുന്ന ദുർബോധനങ്ങൾ കണ്ട് വിഷമിക്കരുത്. പ്രാരംഭകാലത്ത് സംശയങ്ങളോടും ദുർബോധനങ്ങളോടും ഒരു യുദ്ധം തീർച്ചയായും ഉണ്ടാകും. അതിന്റെ ചികിത്സ ക്ഷീണിക്കാതെ സ്ഥിരമായി അതനുഷ്ഠിച്ചുകൊണ്ടിരിക്കലാണ്. അല്ലാഹുവിനോട് ചോദിച്ചുകൊണ്ടേയിരിക്കുക. അവസാനം ഞാൻ പറഞ്ഞ ആ അവസ്ഥ ഉണ്ടായിവരുന്നതാണ്.”*

ആ മഹാത്മാവ് വീണ്ടും പറയുന്നു: *നമസ്കാരത്തിനതീതമായി ഒരു ജപവുമില്ല. കാരണം ഇതിൽ അല്ലാഹുവിനെ സ്തുതിക്കലുണ്ട്. പാപമോചനത്തിനു വേണ്ടിയുള്ള പ്രാർത്ഥനയുണ്ട്. നബിയുടെമേൽ സ്വലാത്തുണ്ട്. എല്ലാ ജപങ്ങളുടെയും സമുച്ചയും ഈ നമസ്കാരം തന്നെയാണ്. എന്തെങ്കിലും ജപം പറഞ്ഞുതരാൻ ജനങ്ങൾ പറയാറുണ്ട്. ഏറ്റവും വലിയ ജപം നമസ്കാരമാണ്. ഇതുമുഖേന എല്ലാത്തരം ദുഃഖവും വേദനയും അകലുന്നു. ബുദ്ധിമുട്ടുകൾ പരിഹരിക്കപ്പെടുന്നു. നബി(സ) തിരുമേനിക്ക് എന്തെങ്കിലും ചെറിയ വിഷമമുണ്ടായാൽ ആ മഹാത്മാവ് നമസ്കരിക്കുന്നതിനായി എഴുന്നേറ്റുനില്ക്കുമായിരുന്നു. അതുകൊണ്ടാണ് പറഞ്ഞത് **അലാബിദിക്രില്ലാഹി തത്മയിന്നുൽ ഖുലൂബ്** സമാധാനത്തിനും ഹൃദയശാന്തിക്കും നമസ്കാരത്തെക്കാൾ വലുതായി ഒരു മാർഗ്ഗവുമില്ല.*

ഈ നിലവാരമാണ് നാം കരസ്ഥമാക്കേണ്ടത്. മുടങ്ങാതെ കൃത്യമായി നമസ്കരിച്ചാൽ മാത്രം പോരാ. മറിച്ച്, നമ്മുടെ ശരീരത്തിന്റെ ഓരോ തരിയും നമ്മുടെ ആത്മാവും അവന്റെ മുമ്പിൽ കുനിയണം. നമ്മുടെ നെഞ്ചിൽനിന്ന് നമ്മെ അല്ലാഹുവിന്റെ സമീപസ്ഥനാക്കുംവിധമുള്ള പ്രാർത്ഥന തിളച്ചു തിളച്ച് പുറത്തുവരേണ്ടതാണ്. അല്ലാഹുവിന്റെ തൃപ്തി മാത്രം കാണാൻ കഴിയുന്ന ആ വിപ്ലവം നമുക്ക് നമ്മളിൽ കാണാൻ കഴിയണം. നമ്മെ ഓരോരുത്തരേയും അല്ലാഹു ആ ദൃശ്യം കാണുന്നവരാക്കിത്തീർക്കട്ടെ.


Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 22.2.2008 at Baithul Futuh, London.

*Translated by: Muhammad Ismail, Alleppey*
Mob: 94466 56123 Resi.: 0497 3294865
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala